Reg. No. KL/TV(N)/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXVI] Trivandrum, Saturday, 25th April 1981 / 5th Vaisakha 1903 (Saka) [No. 322

കേരളസർക്കാർ

പൊതുമരാമത്ത് [ഡി] വകുപ്പ്

പ്രഖ്യാപനം

നമ്പർ 47579/D2/81/PWD. തിരുവനന്തപുരം, 1981 ഏപ്രിൽ 25.

ഇൻഡ്യൻ ഭരണഘടന 258-ാം അനുച്ഛേദം (1)-ാം ഖണ്ഡംമൂലം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഇൻഡ്യൻ പ്രസിഡൻറ് 31-5-1963-ലെ 2/4/63/ജൂഡീഷ്യൽ II എന്ന നമ്പർ വിജ്ഞാപനപ്രകാരം കേരളസംസ്ഥാനത്ത് യൂണിയൻെറ ആവശ്യത്തിനായി ഭൂമി വിലയ്ക്കെടുക്കുന്നതുസംബന്ധിച്ച് 1961-ലെ കേരള സ്ഥലമെടുപ്പ് ആക്റ്റ് (1962-ലെ 21) അനുസരിച്ചുള്ള കേന്ദ്ര സർക്കാരിൻെറ ചുമതലകൾ കേരള സർക്കാരിനെ അവരുടെ സമ്മതത്തോടുകൂടി ഭരമേൽപ്പിച്ചിരിക്കുന്നതിനാലും ;

1961-ലെ കേരള സ്ഥലമെടുപ്പ് ആക്റ്റ് (1962—ലെ 21)5-ാംവകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരമുള്ള കളക്ടറുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം താഴെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂമി ഒരു പൊതുക്കാര്യത്തിനായി വിലയ്ക്കെടുക്കേണ്ടതാണെന്ന് കേരള സർക്കാരിന് ബോദ്ധ്യമായിരിക്കുന്നതിനാലും ;

ഇപ്പോൾ, അതിനാൽ, പ്രസ്തുത ആക്റ്റ് 6-ാം വകുപ്പുപ്രകാരം കേരള സർക്കാർ താഴെ പട്ടികയിൽ പറഞ്ഞിട്ടുള്ളതും 0.0861 ഹെക്ടർ വിസ്തീർണ്ണത്തിൽ അൽപ്പം കൂടുതലോ, കുറവോ വരുന്നതുമായ ഭൂമി ഒരു പൊതുക്കാര്യത്തിന് അതായത്, വടകര ബൈപാസ് റോഡ് (അധികഭൂമി) ബ്ലോക്ക് III നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്നു ഇതിനാൽ പ്രഖ്യാപിക്കുകയും, പ്രസ്തുത ആക്റ്റ് 7-ാം വകുപ്പുപ്രകാരം കോഴിക്കോട് റവന്യൂ ഡിവിഷണൽ ആഫീസറോട് പ്രസ്തുത സ്ഥലം വിലയ്ക്കെടുക്കുന്നതിനുള്ള ഉത്തരവു വാങ്ങാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു.

പ്രസ്തുത സ്ഥലത്തിൻെറ പ്ലാൻ വടകര തഹശീൽദാരുടെ ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ആഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും അത് പരിശോധിക്കാവുന്നതുമാണ്.

33/1485/V.

പട്ടിക

ജില്ല—കോഴിക്കോട്.

താലൂക്ക്—വടകര.

വില്ലേജ്—വടകര.

(ബ്ലോക്ക് III)

(സുമാർ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

ക്രമ നമ്പർ	ആർ.എസ്. നമ്പർ	വിവരണം	വിസ്തീർണ്ണം (ഹെക്ടറിൽ)
1	243/17	തോട്ടം	0.0165
2	243/18	,,	0.0200
3	243/19	,,	0.0022
4	243/20	എസ്.സി.നിലം	0.0139
5	243/22	എസ്.സി.നിലം	0.0109
6	243/23	തോട്ടം	0.0054
7	243/25	യു. എ.	0.0040
8	243/26	,,	0.0052
9	243/27	തോട്ടം	0.0028
10	243/28	,,	0.0028
11	244/10	,,	0.0024
		ആകെ	0.0861

21033

ഗവർണ്ണറുടെ ഉത്തരവുപ്രകാരം,

പി. സൗമിനി,

ജോയിൻറ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

പ്രഖ്യാപനത്തിലെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂമി വടകര ബൈപാസ് നിർമ്മിക്കുന്നതിന് ആവശ്യമുണ്ട്. 3 (1) വിജ്ഞാപനമനുസരിച്ചുള്ള ആക്ഷേപങ്ങൾ പരിശോധിച്ചശേഷം മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂമി വടകര ബൈപാസ് നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്ന് ബോദ്ധ്യപ്പെട്ടു. അതുകൊണ്ടാണ് ഈ പ്രഖ്യാപനം പരസ്യപ്പെടുത്തുന്നത്.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1981